# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2773

18.08.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പൊതുവിദ്യാലയങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്ലാവൂർ എച്ച്.എസ്, കുളത്തുമ്മൽ എച്ച്.എസ്.എസ് എന്നീ സ്കൂളുകളിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പരിഗണിച്ചിട്ടുള്ള പ്ലാവൂർ ഗവ. ഹൈസ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മേൽ പദ്ധതി പ്രകാരം ഭൗതിക സാഹചര്യ വികസനത്തിനായുള്ള ആദ്യഘട്ട ലിസ്റ്റിൽ കുളത്തുമ്മൽ ഹയർ സെക്കന്ററി സ്കൂളിന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) ആയതിന്റെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായത്തിനായുള്ള കിഫ്ബിയുടെ അനുമതി ലഭ്യമാക്കിയ ശേഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ